## *Dear Brethren and Sisters in Christ,*



ഉയിർപ്പ് പെരുന്നാൾ ക്രൈസ്തവ ജീവിതത്തിന്റെ ആഴങ്ങളെ കണ്ടെത്തുവാനും ഉൾക്കൊള്ളുവാനും ഉദ്ബോധിപ്പിക്കുന്നു. ജീവിതത്തിന്റെ സഹനസന്താപവേലിയേറ്റങ്ങൾക്കിടയിൽ നിരാശയിലകപ്പെടാതെ പ്രതീക്ഷകളുടെ പച്ചിപ്പ് കാത്തുസൂക്ഷിക്കുവാൻ ക്രിസ്തുനാഥന്റെ ഉത്ഥാനം ഇന്നും നമ്മെ ശക്തിപ്പെടുത്തുന്നു. ക്രിസ്തുവിന്റെ മരണത്തോടെ ദു:ഖിതരും, നിരാലംബരും, നിസ്സഹായരും പരിഭ്രാന്തരുമായിരുന്നു ശിഷ്യസമൂഹം, ഉത്ഥിതനായ ക്രിസ്തുവിനെ ഉൾക്കൊണ്ടപ്പോൾ സന്തോഷഭരിതരും, ശക്തരും, സമാധാനപ്രീയരും, ആത്മവിശ്വാസമുള്ളവരുമായി മാറി. *“എന്റെ കർത്താവെ എന്റെ ദൈവമെ”* എന്ന് ഏറ്റുപറഞ്ഞ് ഉത്ഥാനാനുഭവത്തിലെത്തിയ തോമോശ്ലീഹ, മുറിക്കപ്പെട്ട അപ്പത്തിൽ ഉത്ഥിതനായ യേശുവിനെ തിരിച്ചറിഞ്ഞ എമ്മാവുസ് ശിഷ്യർ, മത്സ്യചാകരയൊഴുക്കി ആത്മവിശ്വാസം വീണ്ടെടുപ്പിച്ച് പ്രാതലിനായി ക്ഷീണിച്ചു കാത്തിരിക്കുന്നവന്റെ മുമ്പിൽ ഇത് കർത്താവാണെന്ന് ഏറ്റുപറഞ്ഞ ശിഷ്യസമൂഹം. ഉത്ഥാനാനുഭവത്തിന്റെ സാക്ഷികളെപ്പോലെ വിശ്വാസത്തിന്റെ ആഴങ്ങളിലേക്ക് കടന്നുവരുവാൻ ഉത്ഥിനായ കർത്താവ് നമ്മെയും ക്ഷണിക്കുന്നു.

ഇതിനു നമ്മുടെ മനോഭാവങ്ങളിലും, കാഴ്ചപ്പാടുകളിലും, ദർശനങ്ങളിലും സമൂലമായയൊരു പരിവർത്തനം സാധ്യമാകണം. ആധുനിക കാലഘട്ടത്തിൽ കേവലം ആഘോഷത്തിന്റെ നിറവിൽ മാത്രം ക്രൈസ്തവവിശ്വാസത്തെ കാണുന്നവരുടെ സംഖ്യ നാൾക്കുനാൾ വർദ്ധിക്കുന്നു. താൽക്കാലിക നേട്ടങ്ങളിലും കുടുംബത്തിന്റെ സുസ്ഥിതി എന്ന പേരിലും, വിശ്വാസത്തിലും ധാർമ്മികതയ്ക്കും നിരക്കാത്ത വ്യക്തിഗതയ്ക്ക് തയ്യാറായിരിക്കുന്ന ഒരു സംസ്കാരം. എല്ലാറ്റിനോടും വിട്ടുവീഴ്ചയ്ക്കു തയ്യാറായി യാതൊരു തത്വദീക്ഷയില്ലാതെ പോകുന്ന ഒരു കാലഘട്ടത്തിന്റെ വിരിമാറിലാണു നാം നിൽക്കുന്നത്. വിശ്വാസത്തിന്റെയും, ധാർമ്മികതയുടെയും പേരിൽ സമൂലമായ ഒരു പരിവർത്തനം വ്യക്തിജീവിതത്തിൽ അനിവാര്യ

മാണു. സാമൂഹിക സാംസ്കാരിക മേഖലകളിലും വിശ്വാസത്തിന്റെ ആഴങ്ങളെ പ്രതിഫലിപ്പിക്കുവാൻ ഈ ഉയിർപ്പു പെരുന്നാളുകൾ നമ്മെ ആഹ്വാനം ചെയ്യുന്നു, വ്യക്തിഗത താൽപര്യങ്ങളുടെയും, നേട്ടങ്ങളുടെയും പേരിൽ അന്യം നിന്നുപോകുന്ന സാമൂഹ്യ നീതിയുടെയും, സത്യസന്ധതകളുടെയും, സദാചാരത്തിന്റെയും മൂല്യങ്ങളും ആദർശങ്ങളും തിരിച്ചുകൊണ്ടുവരുവാൻ നമുക്ക് കടമയില്ലേ?

ധനാസക്തികളുടെയും അധികാര പ്രവണതകളുടെയും, ആസക്തികളുടെയും മറവിൽ ബലിയാടാകുന്ന ജീവിതങ്ങളെ രക്ഷിക്കുക എന്ന ധാർമ്മിക നീതിവാഹകരാകുവാൻ നമ്മുക്ക് സാധിക്കുമോ? ഗുരുവിന്റെ പാർശ്വത്തിൽ നിന്നും അനുഭവിച്ചറിഞ്ഞ സ്നേഹത്തിന്റെ ചൂട് നെഞ്ചിലേറ്റി ഭാരതനാടിനെ ക്രിസ്തുവിന്റെ സുവിശേഷ പ്രകാശധാരയിൽ ദീപ്തമാക്കിയ തോമാശ്ലീഹായുടെ പാതകളെ പിന്തുടരുവാൻ നമുക്ക് ശ്രമിക്കാം. പ്രാർത്ഥനാചൈതന്യത്തിലും, സഹോദര സ്നേഹത്തിലും മൂന്ന് വർഷക്കാലം ഈ മഹായിടവകയിൽ അജപാലന സേവനം നടത്തി പിന്മാറുന്ന ഈ നിമിഷത്തിൽ നിങ്ങൾക്ക് ഏവർക്കും സ്നേഹത്തിന്റെ ഭാഷയിൽ എന്റെ ആയിരമായിരം ക്രൃതജ്ഞ്ഞതകൾ അർപ്പിക്കുന്നു. കരുതലിനും, സഹകരണത്തിനും, പ്രാർത്ഥനയ്ക്കും നന്ദി. ദൈവം തമ്പുരാൻ നിങ്ങളെ അനുഗ്രഹിക്കട്ടെ എന്ന് പ്രാർത്ഥിച്ചു കൊണ്ട് നിറുത്തുന്നു.

**ക്രിസ്തുവിൽ നിങ്ങളുടെ തോമസ് റമ്പാച്ചൻ**